മററു കണ്ണികളുടെ നിർവഹണശേഷിയും ശ്രദ്ധിക്കപ്പെടണം. പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതു് തൊഴിൽപരമായ വൈദഗ്ധ്യത്തെ അടിസ്ഥാനപ്പെടുത്തിമാത്രമാവണം; ഈ കാര്യത്തിൽ രാഷ്ട്രീയപരിഗണനകൾ കടന്നുവരരുതു്. കേസ്സുകൾ, പ്രത്യേകിച്ച് ക്രിമിനൽ കുററങ്ങൾ സംബന്ധിച്ചവ, ഒരു നിശ്ചിത കാലാവധിക്കുള്ളിൽ തീർക്കണമെന്ന നിർബന്ധം കോടതികൾക്ക് ഉണ്ടാവണം. ജയിൽ ഭരണം കാര്യക്ഷമമാവണം. വളരെ അസാധാരണമായ പരിതഃസ്ഥിതികളിലല്ലാതെ, ശിക്ഷിക്കപ്പെട്ടവരെ കാലാവധി പൂർത്തിയാകുംമുമ്പ് വിട്ടയക്കരുതു്.

'ധർമത്തെ രക്ഷിക്കുക; അതു നിങ്ങളെയും രക്ഷിക്കും' (ധർമോ രക്ഷതി രക്ഷിതഃ) എന്നതു് ഒരു സനാതന സത്യമാകുന്നു. നിയമവാഴ്ചയെ ഭദ്രമായി നിലനിർത്തുകമാത്രമാണ് പൊതുജീവിതത്തെ സമാധാനപൂർണ്ണമാക്കുന്നതിനുള്ള മാർഗം. നിയമവാഴ്ചയെ നിലനിർത്തുന്നതിൽ പരാജയപ്പെടുന്ന സർക്കാരിനെ ബലം പ്രയോഗിച്ചുപോലും മറിച്ചിടുകയെന്നതു് ജനാധിപത്യത്തിൽ പൗരന്റെ അവകാശം മാത്രമല്ല, ബാധ്യതകൂടി ആയിത്തീരുന്നു.

28 മെയ്, 1985

# 32. സ്ത്രീമുക്തി

അഭിജാതരുടേതെന്നു് പ്രസിദ്ധമായ ഒരു കലാലയമാണ് ദില്ലിയിലെ സെയ്ന്റ് സ്റ്റീഫൻസ്. സെയ്ന്റ് സ്റ്റീഫൻസ് കോളേജിലെ ഒരു പൂർവവിദ്യാർത്ഥിയാണു താനെന്നു് അഭിമാനപൂർവം അനുസ്മരിക്കുന്ന അനേകരിൽ പാകിസ്ഥാനിലെ സൈനിക ഭരണാധികാരിയായ സിയാ ഉൾ ഹക് ഉൾപ്പെടുന്നു. അടുത്തകാലത്താണു് ഈ കോളേജിൽ പെൺകുട്ടികളെ ചേർത്തുതുടങ്ങിയതു്.

ആൺകുട്ടികൾ പെൺകുട്ടികളോടു് അനുവർത്തിക്കുന്ന ആഭാസമായ പെരുമാററത്തിനു് ഇപ്പോൾ സെയ്ന്റ് സ്റ്റീഫൻസ് കുപ്രസിദ്ധി നേടിയിരിക്കുകയാണ്. ദ്രോഹത്തിനു വിധേയരായ പെൺകുട്ടികളോടു് അനുഭാവം പ്രകടിപ്പിക്കുന്നതിനും, ദ്രോഹംചെയ്യുവരോടു് കോളേജധികൃതർ പ്രദർശിപ്പിക്കുന്ന ഉദാസീനനയത്തിൽ പ്രതിഷേധിക്കുന്നതിനുമായി ഇക്കഴിഞ്ഞ ഫെബ്രുവരി അഞ്ചാം തീയതി ദില്ലി സർവകലാശാലയിലെ ഒട്ടേറെ വിദ്യാർത്ഥികൾ സെയ്ന്റ് സ്റ്റീഫൻസ് കോളേജിനുമുമ്പിൽ പ്രകടനങ്ങൾ നടത്തുകയും, പ്രിൻസിപ്പാലിനു് ഒരു നിവേദനം സമർപ്പിക്കുകയുമുണ്ടായി.

'കാര്യം നിസ്സാരം, പക്ഷേ പ്രശ്നം ഗുരുതരം' എന്നാണു് ഈ സംഭവങ്ങളെപ്പററി പത്രങ്ങളുടെ പ്രതികരണം. സെയ്ന്റ് സ്റ്റീഫൻസിലെ വിദ്യാർത്ഥികൾ പ്രസിദ്ധീകരിക്കുന്ന ഒരാനുകാലികത്തിൽ, അവിടത്തെ പെൺകിടാങ്ങളെപ്പററി അശ്ലീലങ്ങളായ പരാമർശങ്ങൾ തുടർച്ചയായി ചേർത്തു വരുന്നുണ്ടത്രേ. 'കോഴിപ്പട്ടിക' (ചിക്ചാർട്ട്) എന്ന പേരിൽ കൂടെക്കൂടെ ആ കോളേജിൽ പുറത്തുവരുന്ന ചുമർപ്പത്രങ്ങളുടെ ഉള്ളടക്കമെന്താകട്ടെ, സൗന്ദര്യംകൊണ്ടോ, പഠിപ്പിലും പാഠ്യേതരപ്രവർത്തനങ്ങളിലുമുള്ള പ്രാവീണ്യംകൊണ്ടോ ശ്രദ്ധേയരായ വിദ്യാർത്ഥിനികളുടെ അവയവങ്ങളുടെ അശ്ലീല വർണ്ണനകളാണ്. ഒരു യുവതിയുടെ അടിവസ്ത്ര

ങ്ങൾ ഈ കോളേജിലെ ടവറിൽ പതാകയായി പാറിക്കളിക്കുകയുമുണ്ടായി.

നിർദ്ദോഷമായ ഫലിതമായേ ഇതൊക്കെ കണക്കാക്കപ്പെടേണ്ടൂ എന്ന നിലപാടാണ് അധികൃതർ കൈക്കൊണ്ടത്. ഇക്കാര്യമായിരുന്നു, പ്രതിഷേധിച്ച വിദ്യാർത്ഥികൾ മുഖ്യമായും എടുത്തുകാണിച്ചത്.

പരിപൂർണ്ണമായ സ്ത്രീപുരുഷസമത്വം വിഭാവനം ചെയ്യുന്നുണ്ട് നമ്മുടെ ഭരണഘടന. എങ്കിലും ഇന്ത്യയിലെ പാരമ്പര്യങ്ങളും, മതാചാരങ്ങളും, അവയിൽനിന്നു രൂപംകൊണ്ട സാമൂഹ്യസംസ്കാരവും സ്ത്രീക്കു കല്പിക്കുന്ന സ്ഥാനം പുരുഷന്മാർക്കും വീട്ടുമൃഗങ്ങൾക്കും നടുക്ക് എവിടെയോ ആണ്. സ്ത്രീയുടെ ബുദ്ധിപരമായ വളർച്ചയെ കഴിയുന്നത്ര നിരുത്സാഹപ്പെടുത്താനും, അവളുടെ അദ്ധ്വാനത്തെ പരമാവധി ചൂഷണം ചെയ്യാനുമാണ് ഇന്ത്യയിലെ കൂട്ടുകുടുംബഘടനയും സാമ്പത്തികസംരചനയും സഹായിച്ചുവന്നിട്ടുള്ളത്. പാശ്ചാത്യരീതിയിലുള്ള ആധുനിക വിദ്യാഭ്യാസവും നഗരവല്ക്കരണവും ഭാരതീയസ്ത്രീയുടെ അവശത വർദ്ധിപ്പിക്കുവാനേ ഉതകിയിട്ടുള്ളൂ എന്നത് ഒരു വിരോധാഭാസമായിത്തോന്നാം. ആധുനിക വിദ്യാഭ്യാസത്തിന്റെ ഒരു ഉപോൽപ്പന്നമാണ് ഇന്ത്യയിലെ അതിക്രൂരമായ സ്ത്രീധനസമ്പ്രദായമെന്ന വസ്തുത പല സാമൂഹ്യചിന്തകരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പഠിച്ച ആൺകുട്ടികളാണ് കൂടുതൽ സ്ത്രീധനം ആവശ്യപ്പെടുന്നതും, അതു കിട്ടാത്തപ്പോൾ തങ്ങൾ വിവാഹംചെയ്ത പെൺകുട്ടികളെ ദ്രോഹിക്കുന്നതും. ആൺകുട്ടികളുടെ പഠിപ്പ് ഏറുന്ന തോതിനു് സ്ത്രീധനത്തുകയും ഏറുന്നു.

പുരുഷനോട് ഒപ്പംനിന്ന് അദ്ധ്വാനിക്കുന്ന ചങ്ങാതിയായി സ്ത്രീയെ കാണുന്നതിന്, ഏതായാലും, ആധുനികവിദ്യാഭ്യാസസംസ്കാരം ഭാരതീയരെ സഹായിച്ചിട്ടില്ല. മറിച്ച്, ലൈംഗികസംതൃപ്തി നേടുന്നതിനുള്ള ഒരു ഉപകരണമായാണ് നമ്മുടെ യുവവിദ്യാർത്ഥികളിൽ അധികംപേരും സ്ത്രീകളെ സങ്കല്പിക്കുന്നത് എന്ന വസ്തുതയ്ക്കുള്ള വാചാലങ്ങളായ തെളിവുകളാണ് സെയ്ന്റ് സ്റ്റീഫൻസ് കോളേജുകളിലെ ചുമരുകളിൽ ഒട്ടിക്കിടന്ന 'കോഴിപ്പട്ടിക'കൾ.

ഈ പശ്ചാത്തലത്തിൽ മഹാരാഷ്ട്രയിലെയും കർണാടകത്തിലെയും ഇരുപത്തഞ്ചോളം നഗരങ്ങളിലും ഗ്രാമങ്ങളിലും 1985 ജനുവരി 3 മുതൽ 21 വരെ ബോംബെക്കാരികളായ അറുപതോളം വനിതകൾ ചേർന്നു നടത്തിയ 'സ്ത്രീമുക്തിയാത്ര'യുടെ പ്രാധാന്യം സ്വയംസിദ്ധമാകുന്നു. സ്ത്രീകളുടെ പ്രശ്നങ്ങളെ സംബന്ധിച്ചു ഒട്ടുവളരെ പുസ്തകങ്ങളും ലഘുലേഖകളും പോസ്റ്ററുകളും സ്ലൈഡുകളും മററും എടുത്ത്, ഒരു ബസ്സിൽ ഈ പ്രചരണപര്യടനം സംഘടിപ്പിച്ച യുവതികളിൽ അമ്മമാരും കുടുംബിനികളും വീട്ടമ്മമാരും ജോലിക്കാരികളും വിദ്യാർത്ഥിനികളും ഉൾപ്പെട്ടിരുന്നു. ചെന്നിടത്തെല്ലാം അവർ പുസ്തകപ്രദർശനങ്ങളും പൊതുയോഗങ്ങളും ചർച്ചകളും സംവാദങ്ങളും സംഘടിപ്പിച്ചു. നഗരങ്ങളിലും ഗ്രാമങ്ങളിലും സ്ത്രീകൾ ഈ യാത്രാസംഘത്തിന് ആവേശപൂർണമായ സ്വീകരണം നൽകി. പുരോഗമനപരമായ ആശയങ്ങൾ ഉൾക്കൊള്ളുവാനുള്ള സന്നദ്ധത ഭാരതീയ സ്ത്രീസമൂഹത്തിനുണ്ടെന്നു് ബോംബെക്കാരികളുടെ 'സ്ത്രീമുക്തിയാത്ര' വെളിപ്പെടുത്തി.

ചില പാശ്ചാത്യ വനിതാ വിമോചനപ്രസ്ഥാനങ്ങളുടെ മുഖ്യ ഉദ്ദേശ്യം സ്ത്രീകളെ വിമോചിപ്പിക്കുന്നതിലേറെ പുരുഷന്മാരെ ധിക്കരിക്കലാണെന്നു തോന്നും. സ്ത്രീമുക്തിയാത്രയുടെ ഉദ്ദേശ്യം ഏതായാലും, പുരുഷന്മാരെ തള്ളിപ്പറയലായിരുന്നില്ല. മനുഷ്യരെന്നനിലയിൽ സമൂഹത്തിൽ തുല്യപദവി സ്ത്രീകൾക്കും ലഭിക്കണമെന്നും, ലിംഗഭേദാടിസ്ഥാനത്തിൽ സമൂഹവും വ്യക്തികളും നടത്തുന്ന സാമ്പത്തികചൂഷണത്തിൽനിന്നു സ്ത്രീക

ളെ വിമോചിപ്പിക്കണമെന്നുമാണ് സ്ത്രീമുക്തിയാത്ര സംഘടിപ്പിച്ചവർ വാചാലമായി വാദിച്ചിരുന്നത്.

എങ്കിലും, ഇന്ത്യയിലെ സ്ത്രീമുക്തിപ്രസ്ഥാനക്കാർക്കിടയിലുമുണ്ട് അഭിപ്രായഭേദം. ചൂഷിതവർഗങ്ങളുടെ വ്യാപകമായ വിമോചനസമരത്തിന്റെ ഭാഗമാണ് സ്ത്രീമുക്തിപ്രസ്ഥാനമെന്നും, അതിനാൽ ചൂഷണത്തിനെതിരായ പുരുഷരേക്കൂടി സ്ത്രീമുക്തിപ്രസ്ഥാനത്തിൽ ഭാഗഭാക്കുകളാക്കണമെന്നും അവരിൽ ചിലർ വിശ്വസിക്കുന്നു. പുരുഷന്മാരുടെ പങ്കാളിത്തം കൂടാതെ, സ്ത്രീകളുടെ ഉദ്ബുദ്ധതകൊണ്ടും സംഘടനാശക്തികൊണ്ടുംമാത്രം നേടിയെടുക്കേണ്ടതാണ് സ്ത്രീമുക്തി എന്നത്രേ മറ്റു പലരും കരുതുന്നത്.

തിരക്കേറിയ പരിപാടികളായിരുന്നു സ്ത്രീമുക്തിയാത്രക്കാർക്കുണ്ടായിരുന്നത്. എത്തിയ നഗരത്തിലോ, ഗ്രാമത്തിലോ, പുലർച്ചയ്ക്കുതന്നെ പോസ്റ്ററുകളുടെയും പുസ്തകങ്ങളുടെയും പ്രദർശനം ആരംഭിക്കുന്നു. ഉച്ചയ്ക്കുശേഷം നടക്കുന്ന സമ്മേളനങ്ങളിൽ സ്ലൈഡുകൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള പ്രഭാഷണങ്ങളും ചർച്ചകളും സെമിനാറുകളും ചോദ്യോത്തരങ്ങളും മറ്റും നടക്കുന്നു. തെരുവുനാടകങ്ങളും സംഘഗാനങ്ങളും ആണ് പരിപാടിയിൽ അവസാനത്തേതും, ബഹുജനങ്ങളെ ആകർഷിക്കുന്നതുമായ ഇനം. സ്ത്രീകളെ, പ്രത്യേകിച്ച് അക്ഷരാഭ്യാസമില്ലാത്തവരെ, ബോധവല്ക്കരിക്കുക എന്ന ലക്ഷ്യം നേടുന്നതിൽ ഈ പരിപാടികൾ വളരെയധികം വിജയിച്ചുവത്രേ.

വീടുകളിൽ സ്ത്രീകൾചെയ്യുന്ന വേലയ്ക്ക്, ഇന്ത്യയിൽ മാത്രമല്ല, ലോകത്തിലെ മിക്ക രാജ്യങ്ങളിലും, ഇന്നും സാമൂഹ്യാംഗീകാരമില്ല. ഭർത്താവിനെപ്പോലെ ഭാര്യയ്ക്കും സർക്കാരിലോ സ്വകാര്യസ്ഥാപനങ്ങളിലോ ജോലിയുള്ള കുടുംബങ്ങളിൽപ്പോലും, വീട്ടുവേല ഭാര്യയുടെമാത്രം ബാധ്യതയായിട്ടാണ് കണക്കാക്കപ്പെടുന്നത്. വൈകുന്നേരം ആപ്പീസിൽനിന്നെത്തിയ ഭർത്താവ് മുറ്റത്ത് ചാരുകസേരയിൽ പത്രം വായിച്ച് സിഗരറ്റുവലിച്ച് വിശ്രമിക്കുമ്പോൾ അയാളോടൊപ്പം ആപ്പീസിൽനിന്നു വന്ന ഭാര്യ അടുക്കളയിൽ ഇളവില്ലാതെ അധ്വാനിക്കണം. തന്നെപ്പോലെതന്നെ ആപ്പീസിൽ ജോലിചെയ്തു ശമ്പളം വാങ്ങുന്ന ഭാര്യയെ വീട്ടുവേലകൾക്കു വിട്ട്, കുടിച്ചും കളിച്ചും ക്ലബ്ബുകളിലെ സായന്തനവിനോദങ്ങളിലേർപ്പെടുന്ന ഭർത്താക്കന്മാരെ നഗരങ്ങളിൽ ധാരാളമായി കാണാം. 'വേല' (ജോലി)യെപ്പറ്റിയുള്ള നമ്മുടെ വീക്ഷണത്തിലൊരു മൗലികമായ മാറ്റം വരേണ്ടതുണ്ട്. ആപ്പീസ്ജോലിക്കു തുല്യമായ അന്തസ്സ് വീട്ടുജോലിക്കും നാം നല്കണം. വീട്ടുജോലികളിൽ ഉചിതമായ പങ്ക് പുരുഷന്മാർ ഏറ്റെടുക്കുകയും വേണം. സ്ത്രീമുക്തിയാത്രക്കാർ ഊന്നിപ്പറയാൻ ഉദ്ദേശിച്ച ഒരു വസ്തുത ഇതായിരുന്നു. പുരുഷമേധാവിത്വത്തിൽ അടിയുറച്ച സാമൂഹ്യമൂല്യങ്ങളിൽ ഒരു അഴിച്ചുപണി അനിവാര്യമാണെന്ന് അവർ തങ്ങളുടെ പ്രസംഗങ്ങളിലും പാട്ടുകളിലും നാടകങ്ങളിലും ചൂണ്ടിക്കാട്ടി. സ്വന്തം അവകാശങ്ങൾ മനസ്സിലാക്കി, അവ നേടുന്നതിന് സ്ത്രീകൾ സംഘടിച്ചു സമരംചെയ്യുകയല്ലാതെ മറ്റൊരു പോംവഴിയില്ലെന്നായിരുന്നു സ്ത്രീമുക്തിയാത്രയുടെ മുഖ്യസന്ദേശം.

സ്ത്രീമുക്തിയാത്രയുടെ പരിപാടികളിൽ ഓരോ സ്ഥലത്തും അയ്യായിരം മുതൽ പതിനയ്യായിരംവരെ സ്ത്രീകൾ സന്നിഹിതരായിരുന്നുവത്രേ. അവർ സംഘടിപ്പിച്ച ചർച്ചകളിൽ, പ്രത്യേകിച്ചും ചോദ്യോത്തരപരിപാടികളിൽ, അതാതു പ്രദേശങ്ങളിലെ അമ്മമാരും പെൺകിടാങ്ങളും വിധവകളും കാർഷികത്തൊഴിലാളികളും, എല്ലാത്തരക്കാരായ സ്ത്രീകളും പങ്കുകൊണ്ടു. പുരുഷന്മാരെ എതിരാളികളാക്കാതെ, അവർക്കുകൂടി

ബോധ്യം വരത്തക്കവിധത്തിൽ, യുക്തിയുക്തമായിരുന്നു തങ്ങളുടെ പ്രചാരണമെന്ന് സ്ത്രീമുക്തിയാത്ര സംഘടിപ്പിച്ചവർ അവകാശപ്പെടുന്നു.

കേരളത്തിലെ ജനസംഖ്യയിൽ പകുതിയിൽ കുറച്ചു കൂടുതലാണ് സ്ത്രീകൾ. വിദ്യാഭ്യാസത്തിലോ അധ്വാനശീലത്തിലോ കേരളത്തിലെ പുരുഷന്മാരേക്കാൾ ഒട്ടും പിറകിലല്ല ഇവിടത്തെ സ്ത്രീകൾ. എന്നിട്ടും കേരളത്തിൽ സ്ത്രീയുടെ സാമൂഹ്യപദവി എന്താണ്? കുടുംബത്തിന്റെ ആകെ വരുമാനത്തിൽ സ്ത്രീക്കുവേണ്ടി ചെലവഴിക്കപ്പെടുന്നത് എത്ര ശതമാനമാണ്? പുരുഷന് ഇവിടെയുള്ള സുരക്ഷാബോധം സ്ത്രീക്ക് കൈവന്നിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഭാരതീയ സ്ത്രീകൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം ആവശ്യമാണ്. അതോടൊപ്പംതന്നെ, സ്ത്രീകളുടെ പദവിയെപ്പറ്റി പുരുഷന്മാരെയും ബോധവല്ക്കരിക്കേണ്ടതിന്റെ ആവശ്യത്തിലേക്കാണ് സെയ്ന്റ് സ്റ്റീഫൻസിലെ 'കോഴിപ്പട്ടിക'കൾ വിരൽ ചൂണ്ടുന്നത്.

12 ഫെബ്രുവരി, 1985

# 33. സ്ത്രീധനം

പിതൃകുടുംബത്തിൽനിന്ന് ഭർതൃകുടുംബത്തിലേക്ക് വേണ്ട അളവിൽ സ്ത്രീധനം കൊണ്ടുവരുന്നതിൽ പരാജയപ്പെട്ട അറുന്നൂറ്റിത്തൊണ്ണൂറ് യുവതികൾ 1983–ാമാണ്ടിൽ ഡൽഹിനഗരത്തിനകത്ത് തീയെരിച്ചു കൊല്ലപ്പെട്ടതായി കണക്കാക്കപ്പെട്ടിരിക്കുന്നു. 'സ്ത്രീവികസനപഠനകേന്ദ്ര'ത്തിന്റെ (സെന്റർ ഫോർ വിമൻസ് ഡവലപ്പ്മെന്റ് സ്റ്റഡീസ്) ആഭിമുഖ്യത്തിൽ ഡൽഹിയിലെ 'തീൻമൂർത്തി ഹൗസി'ൽ നവംബർ 9–ാം തീയതി 'സ്ത്രീധന'ത്തെപ്പറ്റി പ്രസിദ്ധ സമൂഹശാസ്ത്രജ്ഞനായ ഡോ. എം. എൻ. ശ്രീനിവാസ് പ്രസംഗിച്ച ഒരു യോഗത്തിൽ പ്രൊഫസർ ലതിക സർക്കാർ പ്രസ്താവിച്ചതാണ് ഈ വിവരം. ഈ പ്രസ്താവന വിശ്വസിക്കുവാൻ നമുക്ക് സ്വാഭാവികമായും പ്രയാസമുണ്ടാകും. കാരണം, ഇത്രയധികം ക്രൗര്യവും ബർബരതയും ധനമോഹവും ഭാരതീയജനതയിൽ കുടികൊള്ളുന്നുണ്ട് എന്ന ധാരണ നമുക്കില്ലല്ലോ. എങ്കിലും, ഈ പ്രസ്താവനചെയ്ത വ്യക്തിയും അതു ചെയ്യപ്പെട്ട സന്ദർഭവും അതിന്റെ സത്യാവസ്ഥയ്ക്കു മതിയായ ഗ്യാരണ്ടി നൽകുന്നുണ്ട്. ഇത്രയും നിഷ്ഠുരവും അപരിഷ്കൃതവുമാണ് ഹിന്ദുസമൂഹമെങ്കിൽ, ഹിന്ദുക്കളുടെ ചിരപുരാതനമായ സമൂഹസംസ്കാരത്തെപ്പറ്റി അഗാധമായ ഒരു പുനർവിചിന്തനം ആവശ്യമായിരിക്കുന്നു. ഈ നരബലികളത്രയും നടന്നത് രാഷ്ട്രത്തിന്റെ തലസ്ഥാനനഗരിയിലാണെന്നും, പരിഷ്കാരം ഇനിയും തൊട്ടുതീണ്ടാത്ത ഏതെങ്കിലും വിദൂരഗ്രാമത്തിലല്ലെന്നുംകൂടി ഓർക്കുമ്പോഴേ പ്രശ്നത്തിന്റെ പൂർണഗൗരവം നമുക്ക് വെളിപ്പെടുകയുള്ളു.

പൂർണമായും ഇതൾ വിരിയുംമുമ്പ് തീയിൽ വെന്തെരിഞ്ഞുപോയ ആ അറുന്നൂറ്റിത്തൊണ്ണൂറു യുവതികളിലൊരുത്തി നിങ്ങളുടെ പുത്രിയാണെന്നു സങ്കല്പിച്ചുനോക്കുക. എത്രയധികം വാത്സല്യമാണ് രണ്ടു പതിറ്റാണ്ടു കാലത്തോളം അവളിൽ നിങ്ങളും നിങ്ങളുടെ കുടുംബവും ചൊരിഞ്ഞുവന്നത്! എത്രയധികം ആകാംക്ഷയോടെയാണ് അവളുടെ കായികവും ബുദ്ധിപരവും ആത്മീയവുമായ വളർച്ച നിങ്ങൾ നാൾതോറും നിരീക്ഷിച്ചുവന്നത്! ഒടുവിൽ എത്രയധികം പ്രതീക്ഷകളോടെയാണ്, സർവ്വഥാ സ്പൃഹണീയനെന്നു നിങ്ങൾ വിശ്വസിച്ച ആ യുവാവിന്